# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3618** **19-02-2013-ൽ മറുപടിയ്ക്ക്**

**അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽപ്പെട്ട എത്ര പേർ റോഡപകടങ്ങളിലും മറ്റ് വിധത്തിലുള്ള അപകടങ്ങളിലും മരണപ്പെട്ടിട്ടുണ്ട് എന്നും മരണപ്പെട്ടവർ ആരെല്ലാമെന്നും മരണപ്പെട്ടവരുടെ പൂർണ്ണ വിലാസം സഹിതം വിശദമായി വ്യക്തമാക്കുമോ ; | (എ) | 76 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരുടെ പൂർണ്ണവിലാസം ഉൾപ്പെടെയുള്ള വിവരം ഇതോടൊപ്പം അനുബന്ധം-Iആയി ചേർത്തിരിക്കുന്നു. |
| (ബി) | മരണപ്പെട്ടവരുടെ ആശ്രിതരിൽ ആരുടെയെല്ലാം ആശ്രിതർക്ക് സി.എം.ഡി.ആർ.എഫ്-ൽ നിന്ന് ദുരിതാശ്വാസ സഹായം ലഭിച്ചി ട്ടുണ്ട് എന്നത് സഹായം ലഭിച്ച ആശ്രിതരുടെ പേര്, വിലാസം സഹിതം വ്യക്തമാക്കുമോ ; | (ബി) | സി.എം.ഡി.ആർ.എഫ്-ൽ നിന്ന് ദുരിതാശ്വാസ സഹായം ലഭിച്ചവരുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | ദുരിതാശ്വാസ സഹായം ലഭിച്ചിട്ടി ല്ലാത്ത ആശ്രിതർക്ക് അത് ലഭ്യമാ കാത്തതിന് കാരണമെന്ത് എന്ന് വ്യക്തമാക്കുമോ; ഇവർക്ക് ദുരിതാശ്വാസ സഹായം നൽകി മരണപ്പെട്ടവരുടെ കുടുംബത്തെ സംരക്ഷിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (സി) | അപകട മരണം സംഭവിച്ചവരുടെ ആശ്രിതർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണെങ്കിൽ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ഒരു വർഷത്തിനകം അപേക്ഷ സമർപ്പിച്ചാൽ ധനസഹായം ലഭ്യമാക്കുന്നതാണ്. |

(മറുപുറം)

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് അപകടങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ ആരെങ്കിലും അന്ന് അറിവില്ലായ്മ കൊണ്ട് അപേക്ഷ നൽകാത്ത സാഹചര്യത്തിൽ ഇപ്പോൾ അപേക്ഷ നൽകിയാൽ ദുരിതാശ്വാസത്തിന് പരിഗണിക്കുമോ ; | (ഡി) | അപകട മരണം സംഭവിച്ച് ഒരു വർഷത്തിനകം ലഭിച്ച അപേക്ഷകൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. |
| (ഇ) | കൊയിലാണ്ടി താലൂക്ക് ഓഫീസിലൂടെ 2011 ജൂൺ മുതൽ 2012 ഡിസംബർ വരെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ; | (ഇ) | 2011 ജൂൺ മുതൽ 2012 ഡിസംബർ വരെ കൊയിലാണ്ടി താലൂക്കിൽ 1373 പേർക്ക് 91,79,000/-രൂപ അനുവദിച്ചിട്ടുണ്ട്. |
| (എഫ്) | സി.എം.ഡി.ആർ.എഫിൽ നിന്നും സഹായം ലഭിക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എന്നത് വ്യക്തമാക്കുമോ; മാർഗ്ഗ രേഖ യുണ്ടെങ്കിൽ അത് വിശദമാക്കുമോ ; | (എഫ്) | 17.10.2012-ലെ 53246/DRF B212/RD നമ്പർ സർക്കുലർ പ്രകാരം അപകട മരണം സംബന്ധിച്ച കേസുകളിൽ ഒരു വർഷത്തിനകം ലഭിച്ച അപേക്ഷകൾ മാത്രം പരിഗണിച്ചാൽ മതിയെന്ന് നിർദ്ദേശമുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം-III ആയി ചേർത്തിരിക്കുന്നു) |

സെക്ഷൻ ഓഫീസർ

ലഭ്യമാണ്